**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **10-02-2025 - ൽ മറുപടിയ്ക്ക്**

**പി.എം. സൂര്യഘർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പി.എം. സൂര്യഘർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് സ്വന്തമായി ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുവാനും, രാജ്യത്ത് പുരപ്പുറ സോളാർ വൈദ്യുതിയുടെ പങ്ക് വർധിപ്പിക്കുവാനുമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.എം. സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന. ഈ പദ്ധതിയിലൂടെ 2026-27-നുള്ളിൽ പുരപ്പുറ സോളാർ പ്ലാന്റുകളിൽ നിന്ന് 30GW സോളാർ സ്ഥാപിത ശേഷി കൈവരിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ഗാർഹിക മേഖലയിൽ ഒരു കോടി സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഒരു കോടി വീടുകളിൽ 300 യൂണിറ്റ് വരെ സൗജന്യ അല്ലെങ്കിൽ കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിസിറ്റി ലഭ്യമാക്കുക എന്നതും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. 02.02.2025-ലെ കണക്കുകൾ പ്രകാരം 2,69,170 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 1,09,678 പേർ ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 65920 പേർ സോളാർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്<br><br>ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA)- 1 kW സിസ്റ്റത്തിന് 30,000 രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ്. ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കുമോ ; | (ബി) | 02.02.2025-ലെ കണക്കുകൾ പ്രകാരം 2,69,170 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | സോളാർ പ്ലാന്റുകൾക്കുള്ള മീറ്റർ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. പദ്ധതിക്ക് ആവശ്യമായ 10,000 സിംഗിൾ ഫേസ് മീറ്ററും, 27,500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട് 93000 എണ്ണം എൽ.ടി. |

| | | | |
|---|---|---|---|
| | | | സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററും, 45000 എണ്ണം എൽ.ടി. ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും വാങ്ങുന്നതിനുള്ള ടെൻഡർ 15/01/2025-ൽ തുറന്ന് അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.<br><br>കൂടാതെ, ഉപഭോക്താക്കൾക്ക് നെറ്റ് മീറ്റർ സ്വന്തം ചിലവിൽ സ്ഥാപിക്കാവുന്നതാണ്. അത്തരത്തിലുള്ള ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ